ഉത്തരം

(എ, ബി) റേഷൻ വിതരണത്തിനായിട്ടുള്ള അരി എഫ്.സി.ഐ. ഡിപ്പോയിൽ നിന്നും എടുക്കുന്നതിന് മുമ്പ് ജില്ലാ സപ്ലൈ ആഫീസറും എഫ്.സി.ഐ.-യിലെ പ്രതിനിധിയും സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ എഫ്.സി.ഐ.-യിൽ നിന്നും വിതരണം നടത്തുന്ന അരി തന്നെയാണ് റേഷൻ കടവഴി വിതരണം നടത്തുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനായി സീൽ ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ സാമ്പിൾ എഫ്.സി.ഐ.-യിൽനിന്നും റേഷൻ മൊത്ത വ്യാപാരികളിൽനിന്നും വിതരണം നടത്തുകയും റേഷൻ വ്യാപാരി, സാമ്പിൾ കാർഡുടമകൾ കാണത്തക്കവിധം കടകളിൽ പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റേഷൻ കടയിലുള്ള അരിയുടെ ഗുണനിലവാരവും മറ്റും റേഷനിംഗ് ഇൻസ്പെക്ടർ/താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർ, ജില്ലാ സപ്ലൈ ആഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

പരിശോധനാ സമയം അരി ഗുണനിലവാരമുള്ളവ അല്ലെങ്കിൽ, അതതു സംഗതിപോലെ, ജില്ലാ സപ്ലൈ ആഫീസർമാർ സ്റ്റോക്കെടുക്കുവാൻ നിർവ്വാഹ മില്ലെന്ന് എഫ്.സി.ഐ. അധികാരികളെ അറിയിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട ലൈസൻസിക്കെതിരെ നടപടിയെടുക്കുകയോ ആണ് ചെയ്യുന്നത്.

(സി, ഡി) ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങളാണ് ഇപ്പോൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത്.

റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ

57 [3783] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് 2003-04-ൽ എത്ര വിതരണക്കാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഈ കാലയളവിൽ സംസ്ഥാനത്തെ 147 അംഗീകൃത റേഷൻ ചില്ലറ വ്യാപാരികളുടേയും 19 അംഗീകൃത റേഷൻ മൊത്ത വ്യാപാരികളുടേയും 8 അംഗീകൃത മണ്ണെണ്ണ മൊത്ത വ്യാപാരികളുടേയും പേരിൽ ഗൗരവമായ കുറ്റങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊയിലാണ്ടി താലൂക്കിൽ റേഷൻ മുടങ്ങിയ കാര്യം

58 [3784] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ കുറച്ചു ദിവസം റേഷൻ മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly